**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3741** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കാലോചിതമായി വർധിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക്, പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്കരിക്കണമെന്ന ബാബു വിജയനാഥ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൃത്യമായി 3 വർഷത്തിലൊരിക്കൽ വിദ്യാഭ്യാസാനുകൂല്യം പരിഷ്കരിക്കുന്നുണ്ട്. സ.ഉ.(അച്ചടി) നം.1/2020/ പജപവവിവ തീയതി 09/01/2020 പ്രകാരം സംസ്ഥാനത്തെ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുൻപുള്ള നിരക്കിനേക്കാൾ 20% വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ നൽകുന്നതിനു നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അർഹമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് നൽകി വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 2021-22 അദ്ധ്യയന വർഷാരംഭത്തിൽ തന്നെ അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷത്തിൽ നാളിതുവരെ ഈ അദ്ധ്യയനവർഷത്തേയും മുൻവർഷത്തെ കുടിശ്ശിക ഇനത്തിലും പോസ്റ്റ്മെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽ നിന്നും 11,30,92,288/-രൂപയും പോസ്റ്റ്മെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽ നിന്നും 29,95,619/-രൂപയും, പ്രീമെട്രിക് പഠനത്തിനായുള്ള പ്ലാൻ ശീർഷകത്തിൽ നിന്നും 30,84,550/-രൂപയും പ്രീമെട്രിക് പഠനത്തിനായുള്ള നോൺപ്ലാൻ ശീർഷകത്തിൽ നിന്നും 4,82,27,497/-രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ